

# സഭ പ്രേഷിത സമൂഹം

സീറോ മലബാർ സഭയുടെ വിശ്വാസ
പരിശീലന പാഠാവലി.

10

## പാഠം 11

# പ്രേഷിതത്വം കുടുംബജീവിതത്തിലൂടെ



കുടുംബസമേതം മാമ്മോദീസ സ്വീകരിച്ച് ഈശോയുടെ പ്രേഷിതരായിത്തീർന്ന അനേകം ആളുകൾ ആദിമ സഭയിൽ ഉണ്ടായിരുന്നു. കോർണേലിയൂസും കുടുംബവും (അപ്പ. 10) ലിദിയായും കുടുംബവും (അപ്പ. 16) സ്തേഫാനോസും കുടുംബവും (1 കോറി. 16:15).



# കുടുംബം ദൈവസ്ഥാപിതം

സ്ത്രീയും പുരുഷനും തമ്മിൽ ജീവിതകാലം മുഴുവൻ നീണ്ടുനിൽക്കുന്നതും ദൃഢവുമായ ബന്ധം ഉളവാക്കുന്ന വിവാഹ ഉടമ്പടി അതിന്റെ സ്വഭാവത്താൽതന്നെ ദമ്പതികളുടെ നന്മയ്ക്കും മക്കൾക്ക് ജന്മംകൊടുത്ത് അവരെ ശരിയായി രൂപീകരിക്കുന്നതിനും വേണ്ടി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ്. സകലത്തിന്റെയും സ്രഷ്ടാവായ ദൈവം മനുഷ്യസമൂഹത്തിന്റെ അടിത്തറയും ആരംഭവുമായി ദാമ്പത്യബന്ധത്തെ സ്ഥാപിച്ചു.



# കുടുംബം പ്രേഷിത സമൂഹം

കുടുംബാംഗങ്ങൾ തമ്മിലുള്ള പരസ്പര സ്നേഹവും എല്ലാവരും ചേർന്നുള്ള കുടുംബ പ്രാർത്ഥനയും വഴി കുടുംബം ഒരു ദൈവാലയമാക്കി മാറ്റണം.

- പ്രേഷിതത്വത്തിന്റെ കാതൽ ദൈവം മനുഷ്യവർഗ്ഗത്തോട് ഈശോയിലൂടെ കാണിച്ച സ്നേഹത്തിന് സാക്ഷിയാവുക എന്നതാണ്. സഭയിൽ പ്രേഷിത പ്രവർത്തനത്തിൻെറ ഏറ്റവും ഫലപ്രദമായ മാധ്യമമാണ് കുടുംബം

സ്വയം മറന്നു മറ്റുള്ളവരെ സ്നേഹിക്കുന്നതിന്റെ മാഹാത്മ്യം മക്കൾ മാതാപിതാക്കളിൽനിന്നു പഠിക്കുന്നു. മാതാപിതാക്കളുടെ നിർദ്ദേശങ്ങളും പരിശീലനവും വഴി അവർ പരസ്പരം അംഗീകരിച്ചും തെറ്റു തിരുത്തിയും വളരുന്നു.

വിശ്വാസത്തിൽ വളരുന്ന കുടുംബങ്ങൾ സമൂഹത്തിൽ ക്രൈസ്തവ ജീവിതത്തിനു മാതൃകകളാകുന്നു. സഭയിലൂടെ പൂർത്തിയാക്കപ്പെടുന്ന ലോകരക്ഷ ഓരോ കുടുംബത്തിലൂടെയുമാണു സഫലമാകേണ്ടത്. സഭയെപോലെത്തന്നെ ക്രൈസ്തവകുടുംബം, സുവിശേഷം ജീവിക്കുന്ന വേദിയാകണം.

# കുടുംബം : വചനപ്രഘോഷണ വേദി


മനുഷ്യന്റെ വിശ്വാസ ജീവിതത്തിന്റെ അടിസ്ഥാനം ദൈവവചനമാണ്. ദൈവവചനത്താൽ രക്ഷിക്കപ്പെടേണ്ടവനാണു മനുഷ്യൻ.



"ഞാൻ ഇന്ന് കൽപിക്കുന്ന ഈ വചനങ്ങൾ നിങ്ങളുടെ ഹൃദയത്തിലുണ്ടായിരിക്കണം. ജാഗരൂകതയോടെ അവ നിങ്ങളുടെ മക്കളെ പഠിപ്പിക്കണം. വീട്ടിലായിരിക്കുമ്പോഴും യാത്ര ചെയ്യുമ്പോഴും കിടക്കുമ്പോഴും എഴുന്നേൽക്കുമ്പോഴും അവയെപ്പറ്റി സംസാരിക്കണം. അവ കയ്യിൽ ഒരടയാളമായും നെറ്റിത്തടത്തിൽ പട്ടമായും അണിയണം. അവ നിങ്ങളുടെ കട്ടിളക്കാലുകളിലും പടിവാതിലിലും എഴുതണം" (നിയമ. 6:6-9).

# കുടുംബം വിശ്വാസപരിശീലന കളരി

**ക്രൈസ്തവ ജീവിതത്തിന്റെ പ്രഥമ വിദ്യാലയവും ഉന്നത മാനവീകതയുടെ പാഠശാലയുമാണു കുടുംബം. മക്കളോടാദ്യമായി വിശ്വാസം പ്രസംഗിക്കേണ്ടവരും അവരെ വിശ്വാസം പഠിപ്പിക്കേണ്ട വരും മാതാപിതാക്കളാണ്. ഈ അർത്ഥത്തിൽ മാതാപിതാക്കൾ മക്കളുടെ പ്രഥമാദ്ധ്യാപകരും പ്രധാനാദ്ധ്യാപകരുമായി നിലകൊ ള്ളുന്നു.**



# കുടുംബത്തിന്റെ പ്രേഷിത പ്രവർത്തന മാർഗ്ഗങ്ങൾ

സ്നേഹത്തിലധിഷ്ഠിതമായ ദാമ്പത്യ ജീവിതം കുട്ടികളുടെ ക്രിസ്തീയ രൂപീകരണം, കൂദാശകളിലുള്ള പങ്കാളിത്തം, പ്രാർത്ഥന, ജീവിതസാക്ഷ്യം, പരസ്നേഹ പ്രവർത്തനങ്ങൾ തുടങ്ങിയവയാണു കുടുംബത്തിന്റെ പ്രധാന പ്രേഷിത പ്രവർത്തന മാർഗ്ഗങ്ങൾ.







വിശ്വാസത്തിൽ വളരുന്ന
കുടുംബങ്ങൾ സമൂഹത്തിന്റെ
മാതൃകകളാണ്. ലോകരക്ഷ
കുടുംബത്തിലൂടെയാണ് സഫല
മാകേണ്ടത്. കുടുംബം സുവിശേഷം
ജീവിക്കുന്ന വേദിയാകണം

# ദൈവവചനം

## വായിക്കാം, ധ്യാനിക്കാം

## (ഹെബ്രാ. 13:1-6)



# ഓർമ്മിക്കാൻ ഒരു തിരുവചനം

മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾക്ക്
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളിലൂടെ വെളിച്ചം
അവരുടെ മുൻപിൽ പ്രകാശിക്കട്ടെ
(മത്താ. 5:16).

# നമുക്കു പ്രാർത്ഥിക്കാം

**കുടുംബങ്ങളുടെ നാഥനായ മിശിഹായെ, സ്നേഹത്തിലും കൂട്ടായ്മയിലും ഞങ്ങളെയും ഞങ്ങളുടെ മാതാപിതാക്കളെയയും ശക്തരാക്കണമേ.**

# എന്റെ തീരുമാനം

**പ്രധാനതീരുമാനങ്ങൾ എടുക്കുന്നതിന് മുമ്പ് ഞാൻ മാതാപിതാക്കളോട് അഭിപ്രായം ആരായും.**

## സഭാപിതാക്കന്മാർ പറയുന്നത്

കുടുംബാംഗങ്ങൾ സ്വാഭാവികമായി ഒരുമിച്ചുകൂടുമ്പോൾ, ആ സന്ദർഭങ്ങളെ പ്രാർത്ഥനയ്ക്കും ബൈബിൾ  വായനയ്ക്കും ചിന്തക്കും മാതാപിതാക്കളുടെ മേൽനോട്ടത്തിൽ നടക്കുന്ന സമുചിതമായ അനു ഷ്ഠാനങ്ങൾക്കും ആരോഗ്യകരമായ വിനോദത്തിനും ഉപയോഗിച്ച് അവയെ സുപ്രധാനങ്ങളാക്കാൻ മാതാപിതാക്കൾ പരിശ്രമിക്കണം. ഓരോഅംഗവും ദൈവസ്നേഹം അനുഭവിക്കുകയും അത് മറ്റുള്ള വർക്ക് പകർന്നുകൊടുക്കുകയും ചെയ്യുന്ന ഉപകരണമായിത്തീർന്ന് സുവിശേഷവത്ക്കരണത്തിന്റെ വേദിയാകാൻ അത് ക്രൈസ്തവ കുടുംബത്തെ സഹായിക്കും (ഏഷ്യയിലെ സഭ. 46).

# സ്വന്തമാക്കേണ്ട ബോധ്യങ്ങൾ

* കുടുംബം ദൈവസ്ഥാപിതമാണ്.

* കുടുംബാംഗങ്ങൾ തമ്മിലുള്ള സ്നേഹവും എല്ലാ വരും ചേർന്നുള്ള പ്രാർത്ഥനയും വഴി കുടുംബം ഒരു ദൈവാലയമാക്കി മാറ്റണം.



* കുടുംബാംഗങ്ങൾ ഒന്നിച്ചിരുന്നു വചനം പഠിക്കണം.
* മക്കളോട് ആദ്യമായി വിശ്വാസം പ്രസംഗിക്കേണ്ടിവരും അവരെ വിശ്വാസം പഠിപ്പിക്കേണ്ടിവരും മാതാപിതാക്കളാണ്.
* സ്നേഹത്തിലധിഷ്ഠിതമായ ദാമ്പത്യജീവിതം, കുട്ടികളുടെ ക്രിസ്തീയ രൂപീകരണം, കൂദാശകളിലുള്ള പങ്കാളിത്തം, പ്രാർത്ഥന, ജീവിത സാക്ഷ്യം, പരസ്നേഹ പ്രവർത്തനങ്ങൾ തുടങ്ങിയവയാണു കുടുംബത്തിന്റെ പ്രധാന പ്രേഷിത പ്രവർത്തന മാർഗങ്ങൾ.



# സ്വന്തമാക്കേണ്ട മനോഭാവങ്ങൾ



* കുടുംബപ്രാർത്ഥനയോടും വചനപാരായണത്തോടും താല്പര്യം..

* തങ്ങളുടെ കുടുംബങ്ങൾ മാതൃകാകുടുംബങ്ങളാകണമെന്നുള്ള താല്പര്യം.

# സ്വന്തമാക്കേണ്ട ശീലങ്ങൾ



* കുടുംബപ്രാർത്ഥനകൾക്കും ദൈവവചനവായനയ്ക്കും നേതൃത്വം നൽകുന്നു.

* കുടുംബബന്ധങ്ങളെ ആദരിക്കുന്നു.


THANK
YOU